സ്മരണ

ടി. മുഹമ്മദ് വേളം

# അറിയപ്പെടാത്ത ഇ.ജെ

**1966** ആഗസ്റ്റ് 29-ന് സയ്യിദ് ഖുത്ബിനെ തൂക്കിലേറ്റി എന്ന വാർത്ത ആകാശവാണി പ്രക്ഷേപണം ചെയ്യുമ്പോൾ ഇ.ജെ മമ്മുസാഹിബ്, ജമാഅത്ത് പ്രവർത്തകൻ എൻ.ബി.എസ് കുഞ്ഞമ്മദിന്റെ കുറ്റ്യാടിയിലുള്ള കടയിലിരിക്കുകയായിരുന്നു. വാർത്ത കേട്ട ഇ.ജെ ഒരു കടലാസുതുണ്ട് വാങ്ങി ഈ വരികൾ കുറിച്ചു:

'പുലരി പൊന്നൊളി കൂകി ഉണർത്തും
പൂങ്കോഴികളെ കൊലചെയ്താൽ
പുലരുകയില്ലെന്നാണോ കരുതുവ-
തിരുളിൻ സേവകരൽപന്മാർ..'

ഈയിടെ അന്തരിച്ച, ജമാഅത്തെ ഇസ്‌ലാമിയുടെ പഴയകാല പ്രവർത്തകൻ കുറ്റ്യാടി വേളത്തെ ഇ.ജെ മമ്മുസാഹിബ് വലിയ വായനക്കാരനും കവിയുമായിരുന്നു. സ്വന്തം പേരിലും എളവന ജോഗ്യൻ (ഇ.ജെ) മമ്മു എന്നതിന്റെ ചുരുക്കമായ 'യജോമ' എന്ന പേനപേരിലും അദ്ദേഹം *അൻസാരി, അൽഫാറൂഖ്, ചിന്തകൻ* മുതലായ പ്രസിദ്ധീകരണങ്ങളിൽ ധാരാളം കവിതകളും ലേഖനങ്ങളും എഴുതിയിട്ടുണ്ട്. പുതിയ തലമുറയെ സംബന്ധിച്ചേടത്തോളം എഴുത്ത് ഇ.ജെയുടെ അറിയപ്പെടാത്ത മുഖമാണ്. മുതിർന്ന തലമുറയുടെ ഓർമശേഖരത്തിൽ ഇ.ജെയുടെ പല വരികളും മാഞ്ഞുപോകാതെ ഇന്നും ശേഷിക്കുന്നുണ്ട്.

'നേരം പോയി നേരം പോയി
നേരിനു നേരെ തിരിഞ്ഞു
നടക്കാൻ നേരം പോയി'

എന്ന വരികളും

'പേരിനുവേണ്ടി പേരന്നല്ലാതെ
പേരിന്റെ പേരിൽ
പോരെന്തിനു പാരിൽ'



ഇ.ജെ മമ്മുസാഹിബ്

എന്ന ശകലവും പ്രസ്ഥാന ജീവിതത്തിൽ ഇ.ജെയുടെ ആദ്യകാലം മുതലേയുള്ള സുഹൃത്തുകൂടിയായ ടി.കെ അബ്ദുല്ല സാഹിബ് ഓർമിക്കുന്നുണ്ട്.

ആദർശത്തിന്റെ രണ്ടു വൻകരകളിൽ തികഞ്ഞ ഉൾക്കാഴ്ചയോടെയും ആത്മ സമർപ്പണത്തോടെയും ജീവിച്ച പുരുഷായുസ്സായിരുന്നു ഇ.ജെയുടേത്. ബുദ്ധിജീവിയായ കമ്യൂണിസ്റ്റ് യുവാവ് എന്ന നിലക്കാണ് ടി.കെ അബ്ദുല്ല സാഹിബ് തന്റെ സമീപനാട്ടുകാരനായ ഇ.ജെ മമ്മുസാഹിബിനെ അറിയുന്നത്. കമ്യൂണിസം കേരളത്തിന്റെ അന്തരീക്ഷത്തിൽ ഒരു വൈദ്യുതി പ്രവാഹമായിരുന്ന കാലം എന്ന് വൈലോപ്പിള്ളി വിശേഷിപ്പിച്ച കാലത്തിന്റെ യൗവനതീക്ഷ്ണതയുള്ള പ്രതിനിധിയാണ് ഇ.ജെ.

ജമാഅത്തിൽ വന്നശേഷം *ഖൗമിയത് ഓർ ഇസ്‌ലാം* എന്ന മൗദൂദി പുസ്തകത്തിന് എസ്.എ സർവറോ മറ്റോ തയാറാക്കിയ പ്രൗഢമായ പരിഭാഷ ഇ.ജെയുടെ കൈവശമുണ്ടായിരുന്നതായി ടി.കെ ഓർക്കുന്നു. "ഉപ്പയുടെ ഏറ്റവും വലിയ സമ്പാദ്യം പുസ്തകങ്ങളായിരുന്നു. വേറെയൊന്നും ഉപ്പ സമ്പാദിച്ചിട്ടില്ല. വീട്ടിൽ ചെന്നാൽ പല പുതിയ പുസ്തകങ്ങളും കാണുമായിരുന്നു. ചോദിക്കാൻ തോന്നുമായിരുന്നില്ല. ചോദിച്ചാൽ തരാതിരിക്കുന്നതു കൊണ്ടല്ല, ഉപ്പക്ക് അവ അത്രയും പ്രിയപ്പെട്ടതായിരുന്നു"എന്ന് ഏകമകൾ സഫിയ ബാപ്പയെ അനുസ്മരിക്കുന്നു.

വായനയുടെ വഴിയിലൂടെ തന്നെയാണ് അദ്ദേഹം കമ്യൂണിസ്റ്റാവുന്നതും പിന്നെ ഇസ്‌ലാമിസ്റ്റാവുന്നതും. ആശയങ്ങളുടെയും പുസ്തകങ്ങളുടെയും സുരഭില കാലത്തായിരുന്നല്ലോ ഇ.ജെ ചെറുപ്പക്കാരനായി ജീവിച്ചത്. ഞാനൊരിക്കൽ അദ്ദേഹത്തോടു ചോദിച്ചു: "നിറഞ്ഞ കമ്യൂണിസ്റ്റായിരുന്ന നിങ്ങളെങ്ങനെയാണ് ജമാഅത്തെ ഇസ്‌ലാമിക്കാരനായത്?" അപ്പോൾ ഇ.ജെ എന്റെ കൈപിടിച്ചുകൊണ്ടുപോയത് 1952ൽ മദ്രാസ് നിയമസഭയിലേക്കും ഇന്ത്യൻ പാർലമെന്റിലേക്കും ഒരുമിച്ചു നടന്ന തെരഞ്ഞെടുപ്പിന്റെ പ്രാദേശിക ചരിത്രത്തിലേക്കാണ്. നിയമസഭാ തെരഞ്ഞെടുപ്പിൽ നാദാപുരം മണ്ഡലത്തിൽ ടി.കെ.കെ അബ്ദുല്ലയായിരുന്നു കമ്യൂണിസ്റ്റ് സ്ഥാനാർഥി. തെരഞ്ഞെടുപ്പിൽ ടി.കെ.കെ തോറ്റു. പാർട്ടിയുടെ തെരഞ്ഞെടുപ്പവലോകന യോഗത്തിൽ ടി.കെ.കെ

പറഞ്ഞു: "എന്റെ പരാജയത്തിന്റെ യഥാർഥകാരണം ജമാഅത്തെ ഇസ്‌ലാമിയാണ്. പാർട്ടി വോട്ടുകൾക്കൊപ്പം സമുദായവോട്ടുകളും കുടുംബവോട്ടുകളും കൂടി ചേർന്നാൽ ഞാൻ ജയിക്കുമായിരുന്നു. പക്ഷേ ജമാഅത്തെ ഇസ്‌ലാമിക്കാർ കമ്യൂണിസത്തിനെതിരിൽ നടത്തുന്ന പ്രചാരണങ്ങളും വോട്ടിംഗിൽ നിന്നു വിട്ടുനിൽക്കാൻ പ്രേരിപ്പിച്ചതുമാണ് എന്റെ പരാജയത്തിന്റെ കാരണം" (ആ പരാജയത്തിന്റെ യഥാർഥ കാരണം മറ്റൊന്നായിരുന്നു). അപ്പോൾ ജമാഅത്തെ ഇസ്‌ലാമിയെക്കുറിച്ച് അവിടെ സാമാന്യമായി ചർച്ച നടന്നു. ഇവരെ ഇങ്ങനെ വിട്ടാൽ പറ്റില്ല. സൈദ്ധാന്തികമായി നേരിടണം എന്ന ആലോചനയിൽ നിന്ന് അതിനെക്കുറിച്ച് പഠിക്കാൻ ടി.കെ.കെയെയും ഇ.ജെയെയും യോഗം ചുമതലപ്പെടുത്തി. അതിനെക്കുറിച്ച് ഇ.ജെ തുടർന്നു പറഞ്ഞത്. "ഓൻ പിന്നെയും *ദേശാഭിമാനി*യും വായിച്ച് പ്രസംഗിക്കാൻ നടന്നു. ഞാൻ യോഗം ചുമതലപ്പെടുത്തിയ പ്രകാരം ജമാഅത്തെ ഇസ്‌ലാമിയെക്കുറിച്ച് പഠിച്ചു. അങ്ങനെ ജമാഅത്തായി." ടി.കെ.കെയും ജീവിതത്തിന്റെ അവസാനകാലത്ത് ജമാഅത്തെ ഇസ്‌ലാമിയെ ആശയപരമായി പിന്തുണച്ചുകൊണ്ട് തയാറാക്കിയ ലഘുലേഖ കുറ്റ്യാടി ഇസ്‌ലാമിയാ കോളേജിന്റെ ഒരു വാർഷികാഘോഷ പരിപാടിയുടെ ഭാഗമായി പുറത്തിറക്കിയത് ടി.കെ അനുസ്മരിക്കുന്നു. *ഇസ്‌ലാമിലെ സാമ്പത്തികനീതി* എന്ന പുസ്തകമാണ് തന്നെ ജമാഅത്താക്കിയത് എന്ന് ഇ.ജെ പറയുന്നുണ്ട്.

### ഒരു സംവാദത്തിന്റെ കഥ

ഹൽഖാ കേന്ദ്രത്തിൽ *പ്രബോധന*ത്തിൽ ജോലി ചെയ്തുവരികയായിരുന്ന ടി.കെ അബ്ദുല്ല സാഹിബിന് 1953 മുതൽ ജ്യേഷ്ഠന്റെ ചികിത്സയുമായി ബന്ധപ്പെട്ട് ഓഫീസിലെ ഉത്തരവാദിത്വങ്ങൾ താൽക്കാലികമായി ഒഴിവാക്കി സ്വന്തം നാടായ വടകരക്കും കുറ്റ്യാടിക്കുമിടയിലുള്ള ആയഞ്ചേരിയിലേക്ക് വരേണ്ടിവന്നു. കുറ്റ്യാടി മേഖലയിലെ മുസ്‌ലിം ചെറുപ്പക്കാർക്കിടയിൽ കമ്യൂണിസം ഒരു വിദ്യുത്തരംഗമായി പടർന്നകാലം. ടി.കെ.കെ അബ്ദുല്ല, ഇ.ജെ മമ്മു, പി.കെ മൊയ്തു ഇവരായിരുന്നു അവരിലെ മുൻനിരക്കാർ. ഇതിൽ ബുദ്ധിജീവി എന്നതായിരുന്നു ഇ.ജെയുടെ മുദ്ര.

അതിനിടയിൽ ഇ.ജെ ഇസ്‌ലാമും കമ്യൂണിസവും എന്ന വിഷയത്തിൽ സംസാരിക്കാൻ താൽപര്യപ്പെടുന്നതായി ഒരു സന്ദേശം ടി.കെക്ക് ലഭിച്ചു. അന്ന് ഇ.ജെ കുറ്റ്യാടി-പയ്യോളി ജലപാതയിൽ ഓടുന്ന ബോട്ടിലെ കണ്ടക്ടറായിരുന്നു. എന്തോ കാരണത്താൽ നിശ്ചയിക്കപ്പെട്ട ദിവസം സംവാദം നടന്നില്ല. മറ്റൊരു ദിവസം സംസാരിക്കാം എന്ന ധാരണയിൽ പിരിഞ്ഞു. സംവാദത്തിനുവേണ്ടി ഇ.ജെ ധാരാളം ഗൃഹപാഠം ചെയ്തിട്ടുണ്ടെന്ന് പിന്നീട് ടി.കെ മനസ്സിലാക്കി. അങ്ങനെയിരിക്കെ ഒരു ദിവസം സന്ധ്യാനേരത്ത് വേളത്തു നിന്നും ഇ.ജെയും ഏതാനും ചെറുപ്പക്കാരും അവിചാരിതമായി ആയഞ്ചേരിയിലുള്ള ടി.കെയുടെ വീട്ടിലേക്കുവന്നു. ഉപചാരങ്ങൾക്ക് ശേഷം സംവാദത്തെക്കുറിച്ച് ടി.കെ പറഞ്ഞപ്പോൾ ഇ.ജെ: "ഞങ്ങൾ ഇപ്പോൾ വന്നിരിക്കുന്നത് അതിനല്ല. അതൊക്കെ കഴിഞ്ഞു. ഞങ്ങൾക്ക് ജമാഅത്തെ ഇസ്‌ലാമിയുടെ ഒരു ഘടകം വേളത്ത് രൂപീകരിക്കണം." നടക്കാതെ തന്നെ ഇസ്‌ലാം കമ്യൂണിസത്തിന്റെ മേൽ വിജയം നേടിയ സംവാദമായിരുന്നു അത്. അങ്ങനെയാണ് നാസിറുൽ അനാം എന്ന പേരിൽ വേളത്ത് ജമാഅത്ത് ഹൽഖയുടെ പ്രാഗ്‌രൂപവും പ്രാരംഭവുമായ കമ്മിറ്റി രൂപീകരിക്കപ്പെടുന്നത്.

ഇ.ജെയുടെ ജീവചരിത്രത്തിന്റെ തുടർഭാഗം ടി.കെയുടെ ജീവിതത്തിലെ തുടിക്കുന്ന ഒരധ്യായമാണ്. കുറ്റ്യാടിയിലും വേളത്തുമൊക്കെയായി ധാരാളം ക്ലാസുകളും സംസാരങ്ങളും സഹവാസങ്ങളും കൊണ്ട് ധന്യമായ ഒരു യൗവനകാലം. താമസം ഏറിയപങ്കും ഇ.ജെയുടെ വീട്ടിലായിരുന്നു. പാതിരയായാലും തുടരുന്ന വൈജ്ഞാനിക പ്രാസ്ഥാനിക ചർച്ചകൾ. ഭക്ഷണത്തിന് പൊതുവിൽ ക്ഷാമമുള്ള അക്കാലത്ത് ഇ.ജെയുടെ ഉമ്മ വെച്ചുവിളമ്പിയ ഭക്ഷണത്തിന്റെ രുചി അതിനുശേഷം കഴിച്ച എല്ലാ ഭക്ഷണത്തെയും തോൽപിച്ച് ഒരു ചരിത്രമധുരമായി ഇന്നും ടി.കെയുടെ നാവിലുണ്ട്.

വൈജ്ഞാനികമായ അന്വേഷണങ്ങൾക്ക് മുമ്പുതന്നെ തന്റെ പാർട്ടി ബന്ധത്തിന് ഉലച്ചിലുണ്ടാക്കിയ ഒരനുഭവം ഇ.ജെ അനുസ്മരിക്കുകയുണ്ടായി. നേരത്തെ സൂചിപ്പിച്ച 1952-ലെ തെരഞ്ഞെടുപ്പിൽ നാദാപുരം നിയമസഭാ മണ്ഡലത്തിലെ കമ്യൂണിസ്റ്റ് പാർട്ടി സ്ഥാനാർഥിയായിരുന്ന ടി.കെ.കെ അബ്ദുല്ലയുടെ തെരഞ്ഞെടുപ്പ് കൺവീനർ ഇ.ജെയായിരുന്നു. ലോക്സഭയിലേക്കും നിയമസഭയിലേക്കും ഒരുമിച്ചു നടന്ന തെരഞ്ഞെടുപ്പായിരുന്നു അത്. അന്നത്തെ തലശ്ശേരി ലോക്സഭാ മണ്ഡലത്തിൽ കമ്യൂണിസ്റ്റ് പാർട്ടി പിന്തുണച്ച സ്ഥാനാർഥി എൻ. ദാമോദരനും എതിർ സ്ഥാനാർഥി കോൺഗ്രസിലെ പി. കുഞ്ഞിരാമനുമായിരുന്നു. നിയസഭയിൽ ടി.കെ.കെയുടെ എതിർ സ്ഥാനാർഥി ഇ.കെ ശങ്കരവർമരാജയും ആയിരുന്നു.

ഒരു ദിവസം തെരഞ്ഞെടുപ്പ് പ്രചാരണ പ്രവർത്തനങ്ങൾക്ക് ഇ.ജെ നാദാപുരത്തെ ഒരു കമ്യൂണിസ്റ്റ് പ്രവർത്തകന്റെ വീട്ടിൽ ചെല്ലുമ്പോൾ ഇ.ജെയെ ശ്രദ്ധയിൽ പെട്ടിട്ടില്ലാത്ത രണ്ടു സഖാക്കൾ പരസ്പരം പറയുന്നുണ്ട്: "നിയമസഭയിലേക്ക് വോട്ട് ശങ്കരവർമരാജക്ക് തന്നെയാണല്ലോ?" "അതെ, അത് ശങ്കരവർമ രാജക്ക് തന്നെയാണ്." എത്ര വർഗബോധം പറഞ്ഞാലും ഭൗതികവാദം ഉയർത്തിപ്പിടിച്ചാലും ജാതിയും മതവും തന്നെയാണ് കമ്യൂണിസ്റ്റ് പ്രവർത്തകരെയും നയിക്കുന്നതെന്ന അറിവ് ഇ.ജെയുടെ പാർട്ടി വിശ്വാസത്തിൽ പരിഹരിക്കാനാവാത്ത പരിക്കുകൾ ഏൽപിക്കുകയായിരുന്നു. അക്കാരണത്താൽ പെട്ടെന്ന് പാർട്ടി വിട്ടില്ലെങ്കിലും പാർട്ടിയുമായുള്ള വൈകാരിക ബന്ധത്തിൽ അത് വലിയ പാട് വീഴ്ത്തിയിരുന്നു.

പാർട്ടി വിട്ടവരെ വർഗവഞ്ചകരായാണ് കമ്യൂണിസ്റ്റ് പാർട്ടികൾ പൊതുവെ പരിഗണിക്കാറ്. എന്നാൽ ജമാഅത്തെ ഇസ്‌ലാമിയിൽ ചേർന്ന ശേഷം മരിക്കുന്നതുവരെയും കമ്യൂണിസ്റ്റ് പാർട്ടി നേതാക്കൾ ഇ.ജെയോട് പുലർത്തിയ സുഹൃദ്ബന്ധങ്ങൾ ഏറെ ആഴമുള്ളതും ഊഷ്മളവുമായിരുന്നു. കമ്യൂണിസ്റ്റ് നേതാക്കൾ വേളത്തു വന്നാൽ ഇ.ജെയെ കണ്ടിട്ടേ പോകാറുണ്ടായിരുന്നുള്ളൂ. മരിക്കുന്നതിന്റെ തലേന്ന് ബോധത്തിനും അബോധത്തിനുമിടയിലെ ഒരു നിമിഷത്തിൽ അദ്ദേഹം പറഞ്ഞിരുന്നു. "എ.കെ.ജിയോടും ഇ.എം.എസ്സിനോടും കുഞ്ഞാലിയോടുമൊക്കെ പറയണം, അവരുമായി യോജിച്ചു പോകാൻ കഴിയാത്തതുകൊണ്ട് മാത്രമാണ് ഞാൻ വിട്ടുപോന്നതെന്ന്...." കമ്യൂണിസ്റ്റ് നേതൃത്വത്തിന്റെ ആത്മാർഥതയെ ഇ.ജെ എന്നും വിലമതിച്ചിരുന്നു എന്നതിന്റെ പച്ചപ്പുള്ള തെളിവുകൂടിയാണീ അന്ത്യമൊഴികൾ.

ഇ.ജെയിലെ തുടിക്കുന്ന മനുഷ്യത്വമാണ് അദ്ദേഹത്തെ ആദ്യം കമ്യൂണിസ്റ്റും പിന്നെ ജമാഅത്തെ ഇസ്‌ലാമിക്കാരനുമാക്കിയത്. ഇസ്‌ലാമിന്റെ വിമോചന ഭാവമായിരുന്നു: അദ്ദേഹത്തെ എന്നും ആവേശം കൊള്ളിച്ചിരുന്നത്. മുസ്‌ലിം ചെറുപ്പക്കാർക്കിടയിലെ തീവ്രവാദപ്രവണതകൾക്കെതിരെ ഇസ്‌ലാമിക പ്രസ്ഥാനം ശക്തമായ ബോധവൽക്കരണ പ്രചാരണ പരിപാടികൾ നടത്തിക്കൊണ്ടിരുന്ന സമയത്ത് പകുതി തമാശയും

പകുതി കാര്യവുമായി ഇ.ജെ പറഞ്ഞിരുന്നു: "നിങ്ങൾ തീവ്രവാദത്തെ എതിർത്ത് എതിർത്ത് ഇസ്‌ലാമിലെ ജിഹാദിനെ ഇല്ലാതാക്കിക്കളയരുത്. ആ ജിഹാദ് കണ്ടിട്ടാണ് ഞങ്ങളൊക്കെ ഇസ്‌ലാമിലേക്കും പ്രസ്ഥാനത്തിലേക്കും വന്നത്..!"

എന്നാൽ ധന്യമായ ഒരാത്മീയതലവും അദ്ദേഹത്തിന്റെ വ്യക്തിത്വത്തിനുണ്ടായിരുന്നു. "വുദു ബാപ്പാക്ക് വലിയ സംഭവമായിരുന്നു. എന്നും പറയുമായിരുന്നു. വുദുവാടോ നന്നാകേണ്ടത്, എങ്കിൽ നിസ്കാരം നന്നാവും." അവസാന നാളുകൾ പ്രാർഥനയുടെ മാത്രം നാളുകളായിരുന്നുവെന്ന് കൂടെയുണ്ടായിരുന്ന മകൾ സഫിയ പറയുന്നു.

വേളം ശാന്തിനഗർ എന്ന നവോത്ഥാന ഗ്രാമത്തിന്റെ ശിൽപി ഇ.ജെയാണെന്നു പറഞ്ഞാൽ ഒട്ടും അധികമാവില്ല. 'പൊയ്‌ലങ്കി' എന്ന വീട്ടുപേരിൽ അറിയപ്പെട്ടിരുന്ന നാട്ടിലെ കവലക്ക് 'ശാന്തിനഗർ' എന്നു പേരുവിളിച്ചത് അദ്ദേഹമായിരുന്നു. അത് പിന്നീട് ഗ്രാമത്തിന്റെ തന്നെ എല്ലാവരാലും അംഗീകരിക്കപ്പെടുന്ന പേരായി വളർന്നു. ജമാഅത്തെ ഇസ്‌ലാമിയുടെ ഭൂപടത്തിൽ ഈ ഗ്രാമത്തെ ഇത്ര വലുപ്പത്തിൽ അടയാളപ്പെടുത്തുന്നതിൽ അദ്ദേഹം വഹിച്ച പങ്ക് ഏറെ വലുതാണ്. ഏറെക്കാലം പ്രാദേശിക ജമാഅത്ത് അമീറും മഹല്ല് പ്രസിഡന്റുമായിരുന്നു. ഏത് തലമുറയോടും സംസാരിക്കാൻ കഴിയുന്ന നേതാവായിരുന്നു അദ്ദേഹം. പുതിയ തലമുറയെ പ്രോത്സാഹിപ്പിക്കുക ഇ.ജെയുടെ കാര്യപരിപാടി തന്നെയായിരുന്നു. കമ്യൂണിസ്റ്റ് പാർട്ടിയുടെയും ജമാഅത്തെ ഇസ്‌ലാമിയുടെയും ആരംഭകാലത്തെ തീക്ഷ്ണാനുഭവങ്ങളിലൂടെ കടന്നുവന്നിട്ടും അദ്ദേഹം പുലർത്താറുണ്ടായിരുന്ന ഹൃദയവിശാലത മാതൃകാപരമാണ്. വേളത്ത് വരുന്ന ജമാഅത്തെ ഇസ്‌ലാമി നേതാക്കൾക്ക് മാത്രമല്ല എ.വി അബ്ദുറഹ്‌മാൻ ഹാജിയെപ്പോലുള്ള ലീഗ് നേതാക്കൾക്കും ആതിഥ്യം നൽകിയിരുന്നത് അദ്ദേഹമായിരുന്നു.

ഇ.ജെയുടെ ജീവചരിത്രത്തിൽ രണ്ട് പോലീസ് അറസ്റ്റുകളുണ്ട്. ഒന്ന് നടന്ന അറസ്റ്റും മറ്റൊന്ന് നടക്കാത്ത അറസ്റ്റും. ആദ്യത്തേത് കമ്യൂണിസ്റ്റായിരുന്ന കാലത്തും രണ്ടാമത്തേത് ജമാഅത്ത് കാലത്ത് അടിയന്തരാവസ്ഥയിലുമായിരുന്നു. കമ്യൂണിസ്റ്റ് പാർട്ടി നിരോധിക്കപ്പെട്ട സമയത്ത് അധികാരികൾക്കെതിരെ പ്രകടനം നടത്തിയതായിരുന്നു കേസ്. പതിവുപോലെ വീടിനടുത്തുള്ള പുഴയിലേക്ക് വൈകുന്നേരം വീട്ടിൽ നിന്ന് ഒരു തോർത്തുമുണ്ടു മാത്രമുടുത്ത് അടുത്ത കടയിൽ നിന്ന് എണ്ണവാങ്ങി തലയിൽ പൊത്തി കുളിക്കാൻ ഇറങ്ങിയതാണ്. അന്ന് കടയിലെത്തി എണ്ണ തലയിലിട്ട നേരത്താണ് ഇ.ജെയെ അന്വേഷിച്ച് പോലീസ് സംഘം അവിടെയെത്തുന്നത്. "ഇ.ജെ മമ്മുവിനെ അറിയുമോ?" പോലീസ് കടയിലെ ആളുകളോടായി ചോദിച്ചു. ഇ.ജെയെ മുൻപരിചയമില്ലാത്ത പോലീസുകാരോടായി അദ്ദേഹം പറഞ്ഞു: "ഇ.ജെ മമ്മു ഇപ്പോൾ ഇതാ ആ വഴിക്കു പോകുന്നതുകണ്ടു." പോലീസുകാർ മുന്നോട്ടുപോയപ്പോൾ ഇ.ജെ മറുവഴിയിലൂടെ രക്ഷപ്പെട്ടു. അടിയന്തരാവസ്ഥകാലത്ത് മൂന്നുമാസക്കാലം അദ്ദേഹം ജയിൽവാസമനുഷ്ഠിക്കുകയുണ്ടായി.

ഭൗതികമായ തിരിച്ചടികളും പ്രയാസങ്ങളും അസ്വസ്ഥമാക്കാത്ത ഒരു യോഗീമനസ്സ് അദ്ദേഹത്തിന്റെ വലിയ സമ്പന്നതയായിരുന്നു. അതൊന്നും സാരമില്ലെടോ നമുക്കല്ലാഹുവിനോടു പറയാം എന്ന് ഇ.ജെ ഉറ്റവരെ എന്തിലും സാന്ത്വനിപ്പിക്കുമായിരുന്നു. ഹിറാനഗർ സമ്മേളനത്തിന്റെ മുന്നോടിയായി 1997 ഏപ്രിൽ 26, 27 തീയതികളിൽ പെരുമ്പിലാവ് അൻസാർ സ്കൂളിൽ ചേർന്ന ജമാഅത്തെ ഇസ്‌ലാമി പ്രവർത്തക സംഗമത്തിലെ അധ്യക്ഷപ്രസംഗത്തിന്റെ ആരംഭത്തിൽ അന്നത്തെ ഹൽഖാ അമീർ സിദ്ദീഖ് ഹസൻ സാഹിബ് പറഞ്ഞു:

"ഇന്നലെ രാത്രി 12 മണിക്കുശേഷം ഞാൻ കിടന്നിരുന്ന വാതിലിൽ മുട്ടി ഒരാൾ അകത്തുകടന്നുവന്ന് അവിടെ ഉണ്ടായിരുന്ന കട്ടിലിൽ കയറിക്കിടന്നു. തന്റെ ഉറക്കത്തിന് ഭംഗം സംഭവിച്ചപ്പോൾ ഒരു നിമിഷം അതാരായിരുന്നു എന്നു ഞാൻ ചിന്തിച്ചു. നേരം പുലർന്ന് എഴുന്നേറ്റു നോക്കിയപ്പോൾ വേളത്തെ ഇ.ജെ മമ്മുസാഹിബായിരുന്നു അത്. എന്റെ അറിവനുസരിച്ച് കേരളത്തിലെ പ്രഗൽഭരായ ഡോക്ടർമാർ നട്ടെല്ലിന് കാൻസർ ബാധിച്ചിരിക്കുന്നു എന്നുപറഞ്ഞ അദ്ദേഹം ഇപ്പോൾ എന്നേക്കാൾ ആരോഗ്യത്തോടെയിരിക്കുന്നു എന്നുവേണം വിശേഷിപ്പിക്കാൻ. ഒരുവടി ഊന്നി ഇവിടെ എത്തിയിരിക്കുകയാണ്."

ഒരുപാടു വെളിച്ചം പരത്തിയ ആ ജീവിതം ഇനിയും കുറേക്കൂടി കൃത്യതയിലും വിപുലതയിലും രേഖപ്പെടുത്തപ്പെടേണ്ടതുണ്ട്. ഇ.ജെയുടെ ചിതറിക്കിടക്കുന്ന കവിതകൾ സമാഹരിക്കാൻ അദ്ദേഹത്തിന്റെ ബന്ധുക്കളും സഹപ്രവർത്തകരും മുൻകൈ എടുക്കണം. ഞങ്ങളുടെയൊക്കെ ഇടയിൽ ജീവിച്ച ആ വലിയ മനുഷ്യനെ ജീവിതകാലത്ത് ഇത്രയൊന്നും ആഴത്തിൽ മനസ്സിലാക്കാൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടില്ല. അല്ലാഹു അദ്ദേഹത്തിന്റെ ഖബറിടം സ്വർഗത്തിന്റെ തണലിടമാക്കിക്കൊടുക്കുമാറാകട്ടെ. ■